മടങ്ങ് വരുന്ന വില കേരളീയർ മാർക്കറ്റിൽ കൊടുക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) തമിഴ്നാട്ടിലും മറ്റും അനുഭവപ്പെടുന്നു. കാലാവസ്ഥാ കെടുതിയാൽ ലോറിസമരവും പച്ചക്കറികളുടെ വില വീണ്ടും വർദ്ധിപ്പിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) കേരളത്തിൽ പച്ചക്കറി ഉല്പാദനം ഗവൺമെന്റ് അവകാശപ്പെടുന്ന തോതിൽ നടക്കുന്നുണ്ടോ; എങ്കിൽ അയൽ സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട കാരണങ്ങൾകൊണ്ടുമാത്രം കേരളത്തിൽ വിലവർദ്ധന ഉണ്ടാകുന്നതെന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u>) :

(എ) ഉണ്ട്.

(ബി) പച്ചക്കറിയുടെ കാര്യത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ 1997-98 മുതൽ ഊർജ്ജിത പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം നാളിതുവരെ 5.95 ലക്ഷം ടൺ പച്ചക്കറി അധികമായി ഉൽപ്പാദിപ്പിച്ചു.

(സി) 2001-ാം ആണ്ട് ആകുമ്പോൾ പച്ചക്കറി ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാനാകുമെന്നാണ് ഉദ്ദേശിക്കുന്നത്.

(ഡി) പച്ചക്കറിക്ക് പൂർണ്ണമായും അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കുന്നുവെന്ന നിഗമനം ശരിയല്ല. സംസ്ഥാനത്തെ പച്ചക്കറി ഉൽപാദനം കുറവായിരുന്ന കാലഘട്ടത്തിൽ അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള പച്ചക്കറി കൂടുതൽ വില നൽകി വാങ്ങേണ്ട അവസ്ഥ ഉപഭോക്താക്കൾക്കുണ്ടായിരുന്നു. എന്നാൽ ഊർജ്ജിത പച്ചക്കറി വികസന പദ്ധതി മുഖേന നിലവിൽ വന്ന ഹരിത സംഘങ്ങളുടെ പ്രവർത്തനത്താൽ പച്ചക്കറികൾ സുലഭമായി ലഭിച്ചു തുടങ്ങിയതോടെ സ്ഥിതിക്ക് മാറ്റം വരുകയും പച്ചക്കറിയുടെ വില ഗണ്യമായതോതിൽ കുറയുകയും ചെയ്തിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ഊർജ്ജിത പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിയതോടെ സംസ്ഥാനത്തെ പച്ചക്കറി ഉൽപാദനം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. പ്രധാനമായും ഡിസംബർ മുതൽ ഏപ്രിൽ വരെയുള്ള വേനൽക്കാല പച്ചക്കറി കൃഷിയാണ് സംസ്ഥാനത്തുള്ളത്. ആഗസ്റ്റു മുതൽ ഒക്ടോബർ മാസം വരെയുള്ള കാലഘട്ടത്തിൽ ഉൽപാദനം കുറവായതിനാലും ഓണക്കാലത്ത് ആവശ്യം വർദ്ധിക്കുന്നതിനാലും അന്യ സംസ്ഥാനങ്ങളിൽ നിന്നും പച്ചക്കറി ഇറക്കുമതി ചെയ്യുന്നു. അതിനാൽ സ്വാഭാവികമായും വില വർദ്ധിക്കുകയും ചെയ്യുന്നു. വർഷം മുഴുവനും പച്ചക്കറിയുൽപാദിപ്പിക്കുവാനുള്ള പദ്ധതി ഇതിനു പരിഹാരമായി നടപ്പിലാക്കും.

### 13 (* 69) ശബരിമല ക്ഷേത്ര വികസനത്തിന് പദ്ധതി

<u>ശ്രീ. വി. ബാലറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ക്ഷേത്രത്തിന്റെ വികസനത്തിന് സമർപ്പിച്ച ഹരിവരാസനം പദ്ധതിയിക്ക്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഹരിവരാസനം പദ്ധതി പ്രകാരം എന്തെല്ലാം കാര്യങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്;

(സി) ഈ പദ്ധതി എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിപ്പെടുന്നത്;

(ഡി) ഹരിവരാസനം പദ്ധതി നടപ്പാക്കാത്തപക്ഷം ശബരിമല വികസനത്തിന് മറ്റെന്തെങ്കിലും പദ്ധതി നടപ്പാക്കാനുദ്ദേശമുണ്ടോ;

(ഇ) എങ്കിൽ വിശദാംശം നൽകുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ ) :

(എ) ഹിന്ദു ഐക്യവേദി സമർപ്പിച്ച ഹരിവരാസനം പദ്ധതിയിന്മേൽ ദേവസ്വംബോർഡിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. എന്നാൽ ഹരിവരാസനം പദ്ധതി നടപ്പാക്കുന്നതിനോട് ദേവസ്വംബോർഡിന് യോജിപ്പില്ലെന്നും ശബരിമല വികസനത്തിനായി ദേവസ്വംബോർഡ് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടെന്നും വനഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ഈ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പദ്ധതികൾ നടപ്പാക്കുന്നതാണെന്നും ദേവസ്വംബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) ശ്രീകോവിലിന് ചുറ്റുമുള്ള ക്ഷേത്ര സമുച്ചയത്തിന്റെ ശരിയായ ക്രമീകരണം, ജലവിതരണ സംവിധാനം മെച്ചപ്പെടുത്തൽ, വൈദ്യുതി വിതരണം, വൈദ്യസഹായം, തീർത്ഥാടകരുടെ ദർശനത്തിനുള്ള ക്രമീകരണങ്ങൾ, കെട്ടിട നിർമ്മാണത്തിൽ അവലംബിക്കേണ്ട മാർഗ്ഗങ്ങൾ, ഫ്ളൈഓവർ നിർമ്മാണം തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

(സി) 'എ' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി)&(ഇ) ശബരിമല വികസനത്തിന് ദേവസ്വം ബോർഡ് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. വനഭൂമി ലഭിക്കുന്നതിനനുസരിച്ച് ഇവ നടപ്പാക്കാനാണ് ദേവസ്വം ബോർഡ് ഉദ്ദേശിക്കുന്നത്. അയ്യപ്പൻമാർക്ക് വിരിവയ്ക്കുന്നതിനും വിശ്രമത്തിനും ഉള്ള ഷെഡുകൾ, പ്രാഥമികാവശ്യങ്ങൾക്കായി കൂടുതൽ കക്കൂസുകൾ, ശുദ്ധജല സംഭരണത്തിന് ടാങ്കുകൾ ഡ്യൂട്ടിക്ക് എത്തുന്ന പോലീസുകാർക്കുള്ള താമസസൗകര്യം, കാർഡിയോളജി സെന്റർ, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവയുടെ നിർമ്മാണം, കുന്നാർ ഡാമിൽ ചെക്ക് ഡാം നിർമ്മിക്കൽ, പമ്പയിൽ അഞ്ച് ഹെക്ടർ സ്ഥലത്ത് പാർക്കിംഗ് സൗകര്യം എന്നിവയെല്ലാം മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**14 (*70) വിദേശ മുതൽമുടക്ക്**

ശ്രീ. പി.പി. തങ്കച്ചൻ :
ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ഒട്ടാകെ എന്തു തുകയുടെ വിദേശ മുതൽമുടക്ക് ഉണ്ടായിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly